LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താനൂർ നിയോജകമണ്ഡലത്തിലൂടെ ഉണ്യാൽ മുതൽ പൂരപ്പുഴവരെ കനോലി കനാലിന്റെ (ടി.കെ.കനാൽ) നീളം 11 കിലോമീറ്ററാണ്.

(ബി) ഇതിൽ 960 മീറ്റർ നീളം ആഴം കൂട്ടി സംരക്ഷിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഇതുകൂടാതെ 960 മീറ്റർ നീളം ആഴം കൂട്ടി സംരക്ഷണഭിത്തി കെട്ടുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

(സി) മുകളിൽ പ്രതിപാദിച്ച രണ്ട് പ്രവൃത്തികൾക്ക് 900 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതുവരെ തുകയൊന്നും ചെലവാക്കിയിട്ടില്ല. ബാക്കി പ്രവൃത്തികൾക്ക് ഏകദേശം 50 കോടി രൂപ ചെലവ് വരുന്നതാണ്.

(ഡി) കനോലി കനാലിന്റെ ബാക്കി ഭാഗം സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ചീക്കോട് കുടിവെള്ള പദ്ധതി

167 (859) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീക്കോട് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഫറോക്ക്, കരുവൻതിരുത്തി വില്ലേജുകളെ അതിൽ നിന്നൊഴിവാക്കി ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻചെയ്ത സാഹചര്യത്തിൽ ഫറോക്ക് പഞ്ചായത്തിന് വെള്ളംനൽകുന്ന നടപടി ത്വരിതപ്പെടുത്തുമോ ; വ്യക്തമാക്കുമോ ;

(സി) ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഫറോക്ക്, കരുവൻതിരുത്തി വില്ലേജുകളെ അതിൽ നിന്നൊഴിവാക്കി രാമനാട്ടുകര പഞ്ചായത്തിനെ ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉത്തരവ് ലഭ്യമാക്കുമോ ;

(ഡി) ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി എത്രത്തോളമായി ; എന്ന് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജപ്പാൻ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്ന കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കും കൂടിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർണ്ണതോതിൽ കമ്മീഷൻ ചെയ്തശേഷം ഫറോക്ക് പഞ്ചായത്തിനെ ഉൾപ്പെടുത്തുന്നതിനുള്ള 4.00 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) രാമനാട്ടുകര പഞ്ചായത്തിനെ ചീക്കോട് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാധ്യതാ പഠനം നടത്തിവരുന്നു.

(ഡി) ചീക്കോട് കുടിവെള്ള പദ്ധതിയുടെ സ്ഥിതിവിവരം അനുബന്ധമായി ചേർക്കുന്നു.* വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ട്രയൽ റണ്ണിംഗ് നടത്താവുന്നതാണ്. 2015 മെയ് മാസത്തോടെ ഈ പദ്ധതി കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

കീരമ്പാറ കുടിവെള്ള പദ്ധതി

168 (860) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കീരമ്പാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കീരമ്പാറ കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള കിണറും ജലശുദ്ധീകരണ ശാലയും നിർമ്മിക്കുന്നതിനുള്ള 1.25 ഏക്കർ സ്ഥലം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും വാട്ടർ അതോറിറ്റിക്ക് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകുവാനും അതിനുശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് രണ്ട് വർഷത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുവാനും ഉദ്ദേശിക്കുന്നു.

ജപ്പാൻ കുടിവെള്ള പദ്ധതി

169 (861) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈനുകൾ നിരന്തരം പൊട്ടി റോഡുകളും വീടുകളും നാശപ്പെടുന്നത് പൈപ്പ് ലൈനുകളുടെ ഗുണനിലവാരം കുറഞ്ഞതിനാലാണെന്നും അതിൽ അഴിമതിയുണ്ടോയെന്ന് പരിശോധിക്കണമെന്നുമുള്ള

LIBRARY ARCHIVES Kerala Legislative Assembly